# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **T 4116**

**25.06.2014** ൽ മറുപടിക്ക്

## നദികളുടെയും കായലുകളുടെയും സംരക്ഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ മുഴുവൻ നദികളെയും കായലുകളെയും സംരക്ഷിക്കുവാൻ എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;<br><br>(ബി) ആയതിന് പ്രത്യേകമായി ഒരു അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (എ)<br>(ബി)<br>&<br>(സി) | കേരളത്തിലെ എല്ലാ നദികളുടെയും കായലുകളുടെയും സുസ്ഥിര സംരക്ഷണം ലക്ഷ്യമാക്കിയുള്ള വിവിധ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു. നദികളിലേക്ക് ഉപ്പുവെള്ളം കയറാതിരിക്കുന്നതിനുള്ള സ്ഥിരം/താത്ക്കാലിക തടയണകൾ, റെഗുലേറ്ററുകൾ, നദീതീര സംരക്ഷണ പ്രവൃത്തികൾ, നദികളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്താനുതകുന്ന രീതിയിൽ തടയണകളുടെ നിർമ്മാണം, നദീജല മാലിന്യ ലഘൂകരണ പദ്ധതികൾ തുടങ്ങിയവയ്ക്കു പുറമെ നദീതടങ്ങളിലെ ജലശേഷി വർദ്ധിപ്പിച്ച് നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കാനായി നദീതട അടിസ്ഥാനത്തിൽ കുളങ്ങളുടെ നവീകരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. ജല സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി നിലവിൽ വന്ന ജല (ജലമലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വഴി നടപ്പിലാക്കി വരുന്നു.<br>കേരളത്തിലെ പ്രധാന കായലുകളുടെ സംരക്ഷണത്തിന് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസ്സോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന ഗവേഷണ സ്ഥാപനം തയ്യാറാക്കിയ മാനേജ്മെന്റ് ആക്ഷൻ പ്ലാനുകൾ പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ സംരക്ഷണം ലക്ഷ്യമിട്ട് സ്റ്റേറ്റ് റിവർ & വെറ്റ്‌ലാൻഡ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡവലപ്മെന്റ് ബോർഡ് എന്നിവ രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ അമെൻഡ്മെന്റ് ബിൽ 2013 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിന് നിയമപ്രാബല്യം കൈവന്നാൽ ഇവയെല്ലാം രൂപീകരിക്കാൻ സാധിക്കുന്നതാണ്.<br>ബില്ലിന് നിയമപ്രാബല്യം ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ